"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - ആലുവ, വടവുകോട്, ആർ.എം.എച്ച്.എസ്. ലെ ലോവർ ഗ്രേഡ് ഹിന്ദി അദ്ധ്യപികയായിരുന്ന ശ്രീമതി. ഷിബി.കെ.മാത്യു സമർപ്പിച്ച ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.5379/2026/GEDN തീയതി,തിരുവനന്തപുരം, 11-08-2026

---

പരാമർശം:-

1. ശ്രീമതി. ഷിബി.കെ.മാത്യു സമർപ്പിച്ച 03.12.2024-ലെ ഹർജി
2. ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 28.01.2025-ലെ DEOALV/159/2025-E4 നമ്പർ കത്ത്.
3. എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 30.01.2025-ലെ DDEEKM/5801/2024-IA4 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30.01.2025, 17.02.2025 തീയതികളിലെ ആർ2/26581/2023/ഡി.ജി.ഇ നമ്പർ കത്തുകൾ.

**ഉത്തരവ്**

ആലുവ, വടവുകോട്, ആർ.എം.എച്ച്.എസ്-ലെ ലോവർ ഗ്രേഡ് ഹിന്ദി അദ്ധ്യപികയായിരുന്ന ശ്രീമതി. ഷിബി കെ മാത്യു, ശമ്പള നിർണ്ണയ അപാകത പരിഹരിച്ച് പെൻഷൻ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സമർപ്പിച്ച പരാമർശം (1) ഹർജി തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഹർജിക്കാരിയേയും, മറ്റ് ബന്ധപ്പെട്ട കക്ഷികളെയും 31.01.2025 ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2. കോട്ടയം ഈസ്റ്റ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാര പരിധിയിൽ പെടുന്നതും ദേവലോകം കാതോലിക്കേറ്റ് & എം.ഡി. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിൽ പ്രവർത്തിക്കുന്നതുമായ ഇരവിനെല്ലൂർ സെന്റ് തോമസ് യു.പി. സ്കൂളിൽ 12.06.2000 മുതൽ തുടർച്ചയായി ലോവർ ഗ്രേഡ് (ഹിന്ദി) പാർട്ട് ടൈം അദ്ധ്യാപികയായി 3050-5230 രൂപ ശമ്പള സ്കെയിലിൽ നിയമിതയാകുകയും പ്രസ്തുത നിയമനത്തിന് സ്ഥിര നിയമനാംഗീകാരം ലഭിക്കുകയും, തുടർന്ന്, സർക്കാർ ഉത്തരവ് (പി) നം.145/2006/ധന തീയതി 25.03.2006 പ്രകാരമുള്ള 2004 ശമ്പളപരിഷ്കരണ ഉത്തരവനുസരിച്ച് പാർട്ട് ടൈം ലോവർ ഗ്രേഡ് അദ്ധ്യാപകർക്ക് അനുവദിച്ചിരുന്ന 4990-7990 രൂപ ശമ്പള സ്കെയിലിൽ 01.06.2005 മുതൽ തന്റെ ശമ്പളം 6080 രൂപയായി നിശ്ചയിച്ചുവെന്നും ഈ കാലയളവിൽ മാനേജ്മെന്റിനു കീഴിലുള്ള ചിറ്റാരിക്കൽ ഉപജില്ലയിലെ എം.ജി.എം. യു.പി.എസ്. കോട്ടമലയിൽ ഉണ്ടായ ലോവർ ഗ്രേഡ് ഹിന്ദി ഫുൾ ടൈം അദ്ധ്യാപക ഒഴിവിലേക്ക് തനിക്ക് സ്ഥാനക്കയറ്റ നിയമനം നൽകിയതായി മാനേജർ 18.07.2005-ന് ഉത്തരവ് പുറപ്പെടുവിച്ചുവെന്നും എന്നാൽ പ്രസ്തുത സ്ഥാനക്കയറ്റം താൻ പരിത്യജിച്ചതിനെത്തുടർന്ന് സമർപ്പിച്ച പരിത്യാഗപത്രം

നിയമാനുസൃത പരിശോധനയ്ക്ക് ശേഷം കോട്ടയം ഈസ്റ്റ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇ/1576/2007 നമ്പർ ഉത്തരവ് തീയതി 14.08.2007 പ്രകാരം അംഗീകരിച്ചുവെന്നും ഹർജിക്കാരി അവകാശപ്പെട്ടുകയുണ്ടായി. സ്ഥാനക്കയറ്റം പരിത്യജിച്ചതിനെ തുടർന്ന് തനിക്ക് ലഭിക്കേണ്ടിയിരുന്ന 8 വർഷ ഹയർ ഗ്രേഡ്, 15 വർഷ സീനിയർ ഗ്രേഡ്, 22 വർഷ സെലക്ഷൻ ഗ്രേഡ് എന്നിവ അനുവദിച്ചിട്ടില്ലെന്ന് ഹർജിക്കാരി ചൂണ്ടിക്കാണിക്കുകയുണ്ടായി. 8 വർഷ സേവനത്തിനുള്ള ഹയർ ഗ്രേഡ് ആദ്യം കോട്ടയം ഈസ്റ്റ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ചിരുന്നുവെങ്കിലും പിന്നീട് സ്ഥാനക്കയറ്റം പരിത്യജിച്ചതും പാർട്ട് ടൈം അദ്ധ്യാപകർക്ക് സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കാനാവില്ലെന്ന കാരണവും ചൂണ്ടിക്കാട്ടി പ്രസ്തുത ശമ്പളനിർണ്ണയം റദ്ദാക്കി അധികമായി നൽകിയ തുക തിരികെ ഈടാക്കിയതായും ഹർജിക്കാരി വാദിക്കുകയുണ്ടായി. സർക്കാർ ഉത്തരവ് (എം.എസ്.) നം.62/73/S.Edn തീയതി 02.05.1973 പ്രകാരം 5 വർഷ സേവനം പൂർത്തിയാക്കി 8 പീരിയഡ് ലഭ്യമാകുന്ന പാർട്ട് ടൈം അദ്ധ്യാപകർക്ക് ഫുൾ ടൈം ആനുകൂല്യം അനുവദിക്കേണ്ടതുണ്ടായിരുന്നുവെങ്കിലും 12.06.2005-ന് തനിക്ക് അത്തരം ആനുകൂല്യം അനുവദിച്ചിട്ടില്ലെന്നും അതിനാൽ താൻ ഫുൾ ടൈം ആനുകൂല്യത്തിന് അർഹയാണെന്നും ഹർജിക്കാരി അവകാശപ്പെട്ടുകയുണ്ടായി. തുടർന്ന്, 12.06.2000 മുതൽ 2023 വർഷാരംഭം വരെ ഏകദേശം 23 വർഷക്കാലം പാർട്ട് ടൈം ശമ്പള സ്കെയിലിൽ തന്നെയാണ് സേവനം അനുഷ്ഠിച്ചതെന്നും പിന്നീട് 06.06.2023-ന് ലോവർ ഗ്രേഡ് ഹിന്ദി ഫുൾ ടൈം തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ സർക്കാർ ഉത്തരവ് (എം.എസ്.) നം.04/95/പൊ.വി.വ. തീയതി 04.01.1995-ലെ നിർദേശങ്ങൾക്ക് വിരുദ്ധമായി ശമ്പളനിർണ്ണയം നടത്തിയതായും ഹർജിക്കാരി ആരോപിക്കുകയുണ്ടായി. വിരമിക്കൽ തീയതിയായ 31.03.2025 അടുത്തപ്പോൾ നടത്തിയ ശമ്പളപരിശോധനയിൽ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ 2004 ശമ്പളപരിഷ്കരണ സമയത്ത് അനുവദിച്ച സർവീസ് വെയിറ്റേജ് തെറ്റാണെന്നും പാർട്ട് ടൈം സേവനം വെയിറ്റേജിന് അർഹമല്ലെന്നും കണക്കാക്കി ശമ്പളം പുനർനിർണ്ണയിക്കുകയും അധിക തുക തിരികെ ഈടാക്കേണ്ടതുണ്ടെന്നും തടസ്സവാദം ഉന്നയിച്ചതായും ഹർജിക്കാരി ചൂണ്ടിക്കാണിക്കുകയുണ്ടായി. 2004 ശമ്പളപരിഷ്കരണ ഉത്തരവിലെ ഖണ്ഡിക 5(1), 5(2), കുറിപ്പ് എന്നിവ പ്രകാരം ഇൻക്രിമെന്റിന് അർഹമായ സേവനം മുഴുവനും സർവീസ് വെയിറ്റേജിനായി കണക്കാക്കേണ്ടതാണെന്നും ആ വ്യവസ്ഥ പ്രകാരം തനിക്ക് വെയിറ്റേജ് അനുവദിച്ചത് നിയമാനുസൃതമായിരുന്നുവെന്നും ഹർജിക്കാരി വാദിക്കുകയുണ്ടായി. തുടർന്ന് സർക്കാർ ഉത്തരവ് (പി) നം.560/2012/ഫിൻ തീയതി 11.10.2012 പ്രകാരം കുറിപ്പിൽ “Service for the purpose of this rule means FULL TIME service” എന്ന വാചകം കൂട്ടിച്ചേർത്തതിലൂടെ വന്ന ഭേദഗതി മുൻകാലപ്രാബല്യത്തോടെ പ്രയോഗിച്ച് തനിക്കു ലഭിച്ചിരുന്ന വെയിറ്റേജ് നിഷേധിച്ചതാണ് ഇപ്പോഴത്തെ പ്രശ്നത്തിന് കാരണമെന്നും ഹർജിക്കാരി ചൂണ്ടിക്കാണിക്കുകയുണ്ടായി. കൂടാതെ, സർക്കാർ ഉത്തരവ് (എം.എസ്.) നം.385/1990/(46)/ഫിൻ തീയതി 12.07.1990 പ്രകാരം സ്ഥാനക്കയറ്റം പരിത്യജിച്ചതെന്ന കാരണത്താൽ അദ്ധ്യാപകർക്ക് ഗ്രേഡ് പ്രമോഷൻ നിഷേധിക്കാനാവില്ലെന്നും, അതുപോലെ പാർട്ട് ടൈം അദ്ധ്യാപകർക്ക് 5 വർഷ സേവനവും 8 പീരിയഡും ലഭ്യമെങ്കിൽ സർക്കാർ ഉത്തരവ് (എം.എസ്.) നം.62/73/S.Edn തീയതി 02.05.1973 പ്രകാരമുള്ള ഫുൾ ടൈം ആനുകൂല്യം നിഷേധിക്കുന്ന യാതൊരു സർക്കാർ ഉത്തരവും നിലവിലില്ലാത്തതിനാൽ താൻ 12.06.2005 മുതൽ ഫുൾ ടൈം ആനുകൂല്യത്തിന് അർഹയാണെന്നും, ഇപ്രകാരം ഫുൾ ടൈം ആനുകൂല്യം അനുവദിക്കപ്പെട്ടിരുന്നുവെങ്കിൽ 12.06.2005 മുതൽ 6680-10790 രൂപ ശമ്പള സ്കെയിലും 6680 രൂപ അടിസ്ഥാന ശമ്പളവും ലഭിക്കേണ്ടതായിരുന്നുവെന്നും, തുടർന്ന് 2009 ശമ്പളപരിഷ്കരണത്തിൽ 13210-22360 രൂപ സ്കെയിലും, സർക്കാർ ഉത്തരവ് (പി) നം.168/2013/(147) തീയതി 11.04.2013 പ്രകാരമുള്ള

സ്കെയിൽ ഉയർത്തലിന്റെ അടിസ്ഥാനത്തിൽ 12.06.2013 മുതൽ 14620-25280 രൂപ ഹയർ ഗ്രേഡ് സ്കെയിലും ലഭിക്കേണ്ടതായിരുന്നുവെന്നും, പിന്നീട് 2014 ശമ്പളപരിഷ്കരണത്തിൽ 27800-59400 രൂപ സ്കെയിലും, 2019 ശമ്പളപരിഷ്കരണത്തിൽ 39300-83000 രൂപ സ്കെയിലും, ശേഷം 15 വർഷ സീനിയർ ഗ്രേഡ് 12-06-2020 -ൽ 43400-91200 സ്കെയിലും അനുവദിക്കപ്പെടേണ്ടതായിരുന്നുവെന്നും ഹർജിക്കാരി അവകാശപ്പെടുകയുണ്ടായി. മേൽവിവരിച്ച സാഹചര്യങ്ങളിൽ ലോവർ ഗ്രേഡ് (ഹിന്ദി) ഫുൾ ടൈം തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം പരിത്യജിച്ചതെന്ന കാരണത്താൽ ഉണ്ടായ ശമ്പളനിർണ്ണയ പ്രശ്നങ്ങൾ നിയമാനുസൃതമായി പരിഹരിച്ച് തനിക്ക് അർഹമായ ശമ്പളവും ഗ്രേഡ് ആനുകൂല്യങ്ങളും പുനർനിർണ്ണയിച്ച് വിരമിക്കൽ ആനുകൂല്യങ്ങളും പെൻഷൻ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനാവശ്യമായ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിക്കണമെന്ന് ഹർജിക്കാരി അപേക്ഷിക്കുകയുണ്ടായി.

3. ഹർജിക്കാരിയായ ശ്രീമതി ഷിബി കെ. മാത്യു കാതോലിക്കേറ്റ് & എം.ഡി. കോർപ്പറേറ്റിനു കീഴിലുള്ള ഇരവിനെല്ലൂർ സെന്റ് തോമസ് യു.പി. സ്കൂളിൽ 02/06/2000 മുതൽ തുടർച്ചയായി ലോവർ ഗ്രേഡ് ഹിന്ദി പാർട്ട് ടൈം അധ്യാപികയായി നിയമിതയായി നിയമനാംഗീകാരം നേടിയിട്ടുള്ളതായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. 2004-ലെ ശമ്പളപരിഷ്കരണത്തെ തുടർന്ന് നടത്തിയ ശമ്പളനിർണയത്തിൽ ശ്രീമതി ഷിബി കെ. മാത്യു 01/06/2005 മുതൽ പരിഷ്കരിച്ച ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്യുകയും, പ്രസ്തുത തീയതിയിൽ നാല് വർഷത്തെ സർവീസ് പൂർത്തിയായിരുന്നതിനാൽ സർവീസ് വെയിറ്റേജായി പരിഷ്കരിച്ച സ്കെയിലിൽ ഒരു ഇൻക്രിമെന്റ് അനുവദിച്ച് ശമ്പളനിർണയം നടത്തുകയുണ്ടായെന്നും, തുടർന്ന്, ശ്രീമതി ഷിബി കെ. മാത്യുവിന് ലഭിച്ച സ്ഥാനക്കയറ്റം സ്ഥിരമായി പരിത്യജിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റിന് കോട്ടയം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകുകയും, ആയത് സർവീസ് പുസ്തകത്തിന്റെ പേജ് നമ്പർ 19-ൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണെന്ന് റിപ്പോർട്ടിൽ വിശദീകരിക്കുകയുണ്ടായി. പാർട്ട് ടൈം തസ്തികയിൽ അഞ്ച് വർഷം തുടർന്നിട്ടും ഫുൾ ടൈം തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കാത്ത അധ്യാപകർക്ക് അനുവദിക്കുന്ന ആനുകൂല്യമായാണ് "ഫുൾ ടൈം ബെനഫിറ്റ്" കണക്കാക്കേണ്ടതെന്നും, ഒരു മാനേജ്മെന്റിന് കീഴിൽ ഫുൾ ടൈം തസ്തികയിൽ ഒഴിവ് ഉണ്ടാകുന്നതുവരെ മാത്രമേ പ്രസ്തുത ആനുകൂല്യം ലഭ്യമാകൂ എന്നും, ഫുൾ ടൈം ബെനഫിറ്റ് കാലയളവിൽ ഫുൾ ടൈം തസ്തികയ്ക്കാവശ്യമായ ജോലിഭാരം അധ്യാപിക നിർവഹിക്കുന്നുണ്ടെന്ന് ഡി.പി.ഐ. ഉറപ്പുവരുത്തേണ്ടതാണെന്നും 02/05/1973-ലെ ജി.ഒ.(എം.എസ്.) നം.62/73/G.Edn ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും, അതിനാൽ ഹർജിക്കാരിയുടെ സ്ഥാനപരിത്യാഗത്തിന്റെ വിശദീകരണം അംഗീകരിക്കാവുന്നതല്ലെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ അഭിപ്രായപ്പെടുകയുണ്ടായി. പരാതിക്കാരി എട്ട് വർഷത്തെ സർവീസ് പൂർത്തിയാക്കിയത് 11/06/2008-നാണ്. 12/06/2008 പ്രാബല്യത്തിൽ കോട്ടയം ഈസ്റ്റ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ച ഹയർ ഗ്രേഡ് പിന്നീട് അതേ ഓഫീസ് തന്നെ റദ്ദാക്കി ശമ്പളം പുനക്രമീകരിച്ചിട്ടുണ്ടെന്നും. 2004-ലെ ശമ്പളപരിഷ്കരണ ഉത്തരവിന്റെ അനക്സർ-II 1, ഖണ്ഡിക 17 പ്രകാരം റെഗുലർ പ്രമോഷൻ നിരസിച്ചവർക്ക് സമയബന്ധിത ഹയർ ഗ്രേഡുകൾക്ക് അർഹതയില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതും, സമാന വ്യവസ്ഥ എല്ലാ ശമ്പളപരിഷ്കരണ ഉത്തരവുകളിലും ഉൾപ്പെടുത്തിയിട്ടുള്ളതുമാണെന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി. ശ്രീമതി ഷിബി കെ. മാത്യുവിന് 12/06/2005 മുതൽ ഫുൾ ടൈം ബെനഫിറ്റിന് അർഹത കൈവന്നതും, 21/07/2005 മുതൽ ഫുൾ ടൈം തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം നൽകിയതും, അതേ തീയതിയിൽ തന്നെയാണ് സ്ഥാനപരിത്യാഗപത്രം സമർപ്പിച്ചതെന്നും

റിപ്പോർട്ടിൽ വിശദീകരിക്കുകയുണ്ടായി. തുടർന്ന് 06/06/2023 മുതൽ ഫുൾ ടൈം തസ്തികയിൽ നിയമിച്ച് ആലുവ വിദ്യാഭ്യാസ ജില്ലയിലെ ആർ.എം.എച്ച്.എസ്.എസ്., വടവുകോട് സ്കൂളിലേക്ക് സ്ഥലംമാറ്റം നൽകുകയും, പ്രസ്തുത നിയമനത്തിന് ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 18/01/2024 ലെ ബി4/48305/2023 നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ടെന്നും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ജീവനക്കാർ വിരമിക്കുന്നതിന് മുമ്പ് ശമ്പളനിർണയം പരിശോധിച്ച് അക്കൗണ്ട്സ് ഓഫീസറുടെ അംഗീകാരം നേടുന്ന നടപടിക്രമത്തിന്റെ ഭാഗമായി, പരാതിക്കാരിയുടെ 2004-ലെ ശമ്പളപരിഷ്കരണത്തിൽ ഉണ്ടായ പിഴവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് തടസവാദം ഉന്നയിച്ചതെന്നും, പാർട്ട് ടൈം സർവീസിൽ നാല് വർഷം പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ സർവീസ് വെയിറ്റേജായി പരിഷ്കരിച്ച പുതുക്കിയ സ്കെയിലിൽ ഒരു ഇൻക്രിമെന്റ് അനുവദിച്ചിരുന്നതായിരുന്നുവെങ്കിലും, സർക്കാർ ഉത്തരവ് (പി) നമ്പർ 560/2012/Fin തീയതി 11/10/2012 പ്രകാരം സർവീസ് വെയിറ്റേജിനായി കണക്കാക്കുന്ന സേവനം ഫുൾ ടൈം സേവനമായിരിക്കണമെന്ന നിഷ്കർഷിച്ചിട്ടുള്ളതിനാൽ, പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ശമ്പളനിർണയത്തിൽ തടസവാദം ഉന്നയിച്ചതെന്നും, 2000-ത്തിൽ പാർട്ട് ടൈം സേവനത്തിൽ പ്രവേശിച്ച പരാതിക്കാരിക്ക് അതേ കാലയളവിൽ സേവനം ആരംഭിച്ച മറ്റ് അധ്യാപകരെ അപേക്ഷിച്ച് ലഭിച്ച സേവനാനുകൂല്യങ്ങൾ കുറവാണെന്നത് വസ്തുതയായിരിക്കാമെങ്കിലും, വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്ത് നിന്നും നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും നിയമങ്ങളുടെയും പരിധിക്കുള്ളിൽ നിന്നുകൊണ്ടുള്ള തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്നും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ചട്ടങ്ങളുടെയും, ഉത്തരവിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിക്കുകയുണ്ടായി. അധ്യാപകർക്ക് 5 വർഷത്തെ സേവനവും ഹിന്ദി പഠിപ്പിക്കുന്നതിന് 8 പിരിയഡും ഉണ്ടെങ്കിൽ മാത്രമാണ് ഫുൾടൈം ആനുകൂല്യം അനുവദിക്കേണ്ടത്. സേവനപുസ്തകം പരിശോധിച്ചതിൽ നിന്നും പ്രസ്തുത കാലയളവിൽ ടിയാൾക്ക് 5 വർഷത്തെ സേവനം പൂർത്തിയാകുന്നതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നും എന്നാൽ ഹിന്ദി പഠിപ്പിക്കുന്നതിന് പിരിയഡും ലഭ്യമായിരുന്നോ എന്നത് പരിശോധിക്കുന്നതിന് നിർവ്വാഹമില്ല എന്നും, മേൽ പ്രകാരം പരിശോധന നടത്തി ശ്രീമതി. ഷിബി കെ മാത്യുവിന് ഫുൾടൈം ആനുകൂല്യം അനുവദിക്കേണ്ടത് കോട്ടയം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറാണെന്നുമാണ് ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിരിക്കുന്നത്.

5. കൂടാതെ, സമയബന്ധിത ഹയർഗ്രേഡിന്റെ അടിസ്ഥാന ചട്ടങ്ങൾ പ്രകാരം പാർട്ട് ടൈം സർവീസ് സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിനു യോഗ്യസേവനകാലമായി പരിഗണിക്കുവാൻ വ്യവസ്ഥയില്ല. ഫുൾ ടൈം തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നിർദ്ദിഷ്ട യോഗ്യ സേവന കാലയളവ് പൂർത്തിയാക്കുന്ന തീയതി പ്രാബല്യത്തിലാണ് സമയബന്ധിത ഹയർഗ്രേഡുകൾ അനുവദിക്കുന്നത്. ശ്രീമതി. ഷിബി. കെ. മാത്യുവിന് അർഹതയുള്ള പക്ഷം പാർട്ട് ടൈം തസ്തികയിൽ നിന്നും ഫുൾ ടൈം തസ്തികയിലേക്കുള്ള നിയമനമല്ല, പാർട്ട് ടൈം തസ്തികയിൽ ഫുൾ ടൈം ബെനിഫിറ്റാണ് നൽകുന്നത്. ആയത് ഫുൾ ടൈം തസ്തികയായി കണക്കാക്കാനാവില്ല. മേൽ സാഹചര്യത്തിൽ ഫുൾ ടൈം ബെനിഫിറ്റോടു കൂടിയ പാർട്ട് ടൈം സർവ്വീസ് കാലയളവ് സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിനു യോഗ്യ സേവനകാലമായി പരിഗണിക്കാൻ കഴിയില്ല.

6. എന്നാൽ , ശ്രീമതി. ഷിബി കെ. മാത്യുവിന് ഫുൾടൈം ബെനിഫിറ്റ് അനുവദിക്കുകയാണെങ്കിൽ 11.10.2012 ലെ സ.ഉ.(അച്ചടി) നം. 560/2012/(184)/ധന. ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി ടിയാളുടെ 12.06.2000 മുതലുള്ള പാർട്ട് ടൈം സർവ്വീസ് 2004 ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം സർവ്വീസ് വെയിറ്റേജിന് പരിഗണിക്കാവുന്നതും, 26.02.2011 ലെ സ.ഉ.(അച്ചടി) നം.85/2011/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒമ്പതാം ശമ്പളപരിഷ്കരണ ഉത്തരവിലെ അനക്സ്ചർ II റൂൾ 4-ലെ സർവ്വീസ് എന്നതിന്റെ നിർവ്വചനം "സാധാരണ ഇൻക്രിമെന്റിന് പരിഗണിക്കുന്ന ഫുൾടൈം റഗുലർ സർവ്വീസ്" എന്ന ഭേദഗതി വരുത്തിക്കൊണ്ട് 10.09.2012 തീയതിയിൽ G.O.(P) നം. 491/2012(112)/ധന. ഉത്തരവാകുകയും, ശ്രീമതി ഷിബി കെ. മാത്യുവിന് ഫുൾടൈം ബെനിഫിറ്റ് അനുവദിക്കുകയാണെങ്കിൽ ടി കാലയളവ്, ഇൻക്രിമെന്റിന് പരിഗണിക്കാവുന്ന ഫുൾടൈം റഗുലർ സർവ്വീസായി പരിഗണിക്കാവുന്നതിനാലും, ശ്രീ. ഷിബി കെ മാത്യുവിന്റെ 12.06.2000 മുതലുള്ള പാർട്ട് ടൈം സർവിസിന് ഫുൾടൈം ബെനഫിറ്റ് അനുവദിക്കുകയാണെങ്കിൽ പ്രസ്തുത കാലയളവ് 2009 ശമ്പള പരിഷ്കരണത്തിൽ സർവീസ് വെയ്റ്റേജിനും പരിഗണിക്കാവുന്നതാണ്.

7. മേൽ സാഹചര്യത്തിൽ ശ്രീമതി. ഷിബി.കെ.മാത്യു അഞ്ച് വർഷത്തെ സേവനം പൂർത്തിയാക്കിയ മുറക്ക് ഫുൾടൈം ബെനിഫിറ്റിന് അർഹത കൈവരിച്ചിരുന്നോയെന്ന് പരിശോധന നടത്തി ടിയാൾക്ക് ഫുൾടൈം ബെനിഫിറ്റിന് അർഹതയുള്ള പക്ഷം ആയത് അനുവദിക്കുന്നതിന് കോട്ടയം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകികൊണ്ടും, അപ്രകാരം, ഫുൾടൈം ബെനിഫിറ്റ് അനുവദിക്കുന്ന പക്ഷം ടിയാളുടെ 12.06.2000 മുതലുള്ള പാർട്ട് ടൈം സേവനം, സർവീസ് വെയിറ്റേജിനായി പരിഗണിച്ച് ശമ്പളം പുനർനിർണയം നടത്തുന്നതിനുള്ള നിർദ്ദേശവും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നൽകികൊണ്ടും, അപ്രകാരം പരാമർശം (1) ഹർജി തീർപ്പാക്കികൊണ്ടും ഉത്തരവാകുന്നു.

8. ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ, 45 ദിവസത്തിനകം സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ ഡി സജിത്ത് ബാബു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലുവ
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോട്ടയം
കോർപ്പറേറ്റ് മാനേജർ, കാത്തോലിക്കേറ്റ് & എം.ഡി സ്കൂൾസ്, കോർപ്പറേറ്റ് മാനേജ്മെന്റ് ദേവലോകം, കോട്ടയം - 686004
ഹെഡ്മിസ്ട്രസ്സ്, ആർ.എം.എച്ച്.എസ്. വടവുകോട്, ആലുവ, എറണാകുളം - 682310
ശ്രീമതി. ഷിബി.കെ.മാത്യു, ലോവർ ഗ്രേഡ് ഹിന്ദി അദ്ധ്യാപിക, ആർ.എം.എച്ച്.എസ്. വടവുകോട്, ആലുവ, എറണാകുളം - 682310
ധനകാര്യ വകുപ്പ് (26/06/2026 ലെ E-3197237/EDN-A1/118/2025-FIN പ്രകാരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Alex G C
Date: 13-08-2026
10:45:14

സെക്ഷൻ ഓഫീസർ